I ഇ.ബി. XIV - കേരള നിയമസഭ/I-14

## പതിനാലാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## നിയമസഭാ നടപടികൾ - സംഗ്രഹം

2016 ജൂലൈ 18, തിങ്കൾ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(8.30 മുതൽ 9.30 വരെ ചോദ്യോത്തര സമയം)

**I അടിയന്തരപ്രമേയം**

നസീറുദ്ദീന്റെ കൊലപാതകം

മി. സ്പീക്കർ: കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ മുസ്ലീം യൂത്ത് ലീഗ് പ്രവർത്തകനായ നസീറുദ്ദീൻ അക്രമികളുടെ കുത്തേറ്റ് ദാരുണമായി മരണപ്പെടുകയും തുടർന്നുണ്ടായ അക്രമസംഭവങ്ങൾ പോലീസിന് നിയന്ത്രിക്കാൻ

കഴിയാതെ വരികയും ചെയ്യുതുമൂലം ആ പ്രദേശത്ത് ഉളവായിട്ടുള്ളതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സംബന്ധിച്ച് സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് സർവ്വശ്രീ പാറക്കൽ അബ്ദുള്ള, കെ. സി. ജോസഫ്, മോൻസ് ജോസഫ് എന്നീ അംഗങ്ങൾ റൂൾ 50 അനുസരിച്ച് നോട്ടീസ് നൽകിയിട്ടുണ്ട്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ജൂലൈ 15-ാം തീയതി രാത്രി 8 മണിയോടെ കുറ്റ്യാടി പോലീസ് സ്റ്റേഷൻ അതിർത്തിയിലുള്ള വേളം പഞ്ചായത്തിൽ ഐ.യു.എം.എൽ. പ്രവർത്തകനായ നസീറുദ്ദീനെ എസ്.ഡി.പി.ഐ. പ്രവർത്തകരായ കപ്പച്ചേരി ബഷീർ, കൊള്ളിയിൽ അന്ത്രു എന്നിവർ ചേർന്ന് ആക്രമിച്ച് കൊലപ്പെടുത്തുകയുണ്ടായി. കുറ്റ്യാടി പോലീസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. പ്രതികളായ രണ്ടുപേരെയും പോലീസ് അറസ്റ്റ് ചെയ്തിട്ടുണ്ട്. സംഭവത്തിന് പിന്നിൽ രാഷ്ട്രീയ വിരോധമാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഈ കൊലപാതകത്തെത്തുടർന്ന് എസ്.ഡി.പി.ഐ. പ്രവർത്തകരുടെ കടയും മോട്ടോർ സൈക്കിളും തീവച്ച നശിപ്പിക്കുകയുണ്ടായി. ഉന്നത പോലീസുദ്യോഗസ്ഥർ സ്ഥലം സന്ദർശിക്കുകയും പോലീസ് പിക്കറ്റിംഗ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. നിലവിൽ സ്ഥിതിഗതികൾ ശാന്തമാണ്. ഇത്തരം സംഭവങ്ങൾ നിയന്ത്രിക്കുന്നതിനും

ആവർത്തിക്കാതിരിക്കാനുമുള്ള കർശന നിർദ്ദേശം ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് നൽകിയിട്ടുണ്ട്. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പാറക്കൽ അബ്ദുള്ള : കുറ്റ്യാടി നിയോജകമണ്ഡലത്തിലെ വേളം പഞ്ചായത്തിൽ യൂത്ത് ലീഗ് പ്രവർത്തകനായ നസീറുദ്ദീനെ എസ്.ഡി.പി.ഐ. പ്രവർത്തകർ അതിദാരുണമായി കൊലപ്പെടുത്തിയ സംഭവം മനുഷ്യ മനഃസാക്ഷിയെ ഞെട്ടിപ്പിക്കുന്നതാണ്. വളരെ ആസൂത്രിതമായാണ് കൊലപാതകം നടത്തിയിരിക്കുന്നത്. വടകര താലൂക്കിൽ മുസ്ലീം ലീഗ് പ്രവർത്തകർക്കെതിരെ നിരന്തരം ഇത്തരം അക്രമസംഭവങ്ങൾ അരങ്ങേറുകയാണ്. ജനങ്ങൾക്കിടയിൽ ചേരിതിരിവ് സൃഷ്ടിക്കുന്നതിന് ബോധപൂർവ്വമായ ശ്രമമാണ് എസ്.ഡി.പി.ഐ. നടത്തുന്നത്. ഇത്തരം അക്രമ സംഭവങ്ങളിൽ എസ്.ഡി.പി.ഐ. പ്രവർത്തകരെ സംരക്ഷിക്കുന്ന നിലപാടാണ് പോലീസ് സ്വീകരിച്ചു കൊണ്ടിരിക്കുന്നത്. നസീറുദ്ദീന്റെ കൊലപാതകത്തിൽ പ്രതിഷേധിച്ച മുസ്ലീം ലീഗ് പ്രവർത്തകരെ മർദ്ദിക്കുകയും പ്രതികളെ പോലീസ് സ്റ്റേഷനിൽ സൽക്കരിക്കുകയുമാണ് പോലീസ് ചെയ്തത്. ഈ കൊലയ്ക്കു പിന്നിൽ പ്രവർത്തിച്ചവരെ കണ്ടെത്തുന്നതിന് ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ നിയോഗിക്കണം. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): ഈ വിഷയം സർക്കാർ വളരെ ഗൗരവത്തോടുകൂടിയാണ് കാണുന്നത്. കൊലപാതകം ആസൂത്രിതമാണോ എന്ന് അന്വേഷിക്കുന്നതിനും സത്യാവസ്ഥ കണ്ടെത്തുന്നതിനും കേസന്വേഷണത്തിൽ ഏതെങ്കിലും തരത്തിൽ വീഴ്ചയുണ്ടായിട്ടുണ്ടെങ്കിൽ കൂടുതൽ കാര്യക്ഷമമായ അന്വേഷണം നടത്തുന്നതിനുംവേണ്ടി ഒരു സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീമിനെ ചുമതലപ്പെടുത്തുന്നതാണ്. അറസ്റ്റു ചെയ്ത പ്രതികളെ സൽക്കരിക്കുന്ന നിലപാടാണ് പോലീസ് സ്റ്റേഷനിൽ സ്വീകരിച്ചതെന്ന ആരോപണം ഗൗരവമായി അന്വേഷിക്കുന്നതാണ്. ഇത്തരം കാര്യങ്ങളിൽ ഒരു വിട്ടുവീഴ്ചയും സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകില്ല. ഈ വിഷയം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് സർവ്വശ്രീ രമേശ് ചെന്നിത്തല, പി. കെ. കുഞ്ഞാലിക്കുട്ടി, കെ. എം. മാണി, അനൂപ് ജേക്കബ് എന്നീ പ്രതിപക്ഷ കക്ഷിനേതാക്കൾ പ്രസ്താവന നടത്തിയശേഷം അവരവരുടെ പാർട്ടി അംഗങ്ങളോടൊപ്പം സഭയിൽനിന്ന് പുറത്തുപോകുകയും അൽപ്പസമയത്തിനുശേഷം തിരിച്ചുവരികയും ചെയ്തു.)

**II ശ്രദ്ധക്ഷണിക്കൽ**

## (1) ശുചീകരണത്തൊഴിലാളികളുടെ വേതന പരിഷ്കരണം

ശ്രീ. ഇ. കെ. വിജയൻ: മുനിസിപ്പൽ കോർപ്പറേഷൻ തൊഴിലാളികളുടെ വേതന കരാർ കാലാവധി അവസാനിച്ചിട്ട് രണ്ട് വർഷമായി. 2014 ജൂലൈ 1 മുതൽ പുതിയ ശമ്പള പരിഷ്കരണവും പെൻഷനും നടപ്പിൽ വരുത്തേണ്ടതായിരുന്നു. സർക്കാർ ജീവനക്കാരുടെയും അധ്യാപകരുടെയും ശമ്പള പരിഷ്കരണ ഉത്തരവിറങ്ങിയാലുടൻതന്നെ നഗര ശുചീകരണത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണ ഉത്തരവും ഇറങ്ങാറുണ്ട്. നഗര ശുചീകരണത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണ ഉത്തരവ് എത്രയുംവേഗം നടപ്പിലാക്കാൻ നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): ശുചീകരണത്തൊഴിലാളികളുടെ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നഗരകാര്യ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ തൊഴിലാളി സംഘടനകളുമായി ചർച്ച നടത്തുകയും വിശദമായ റിപ്പോർട്ട് തയ്യാറാക്കാൻ നഗരകാര്യ ഡയറക്ടറെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ സർക്കാർ ചില ഭേദഗതികൾ വരുത്തിയശേഷം ധനകാര്യ വകുപ്പിന് കൈമാറിയിട്ടുണ്ട്. ധനകാര്യ വകുപ്പിൽനിന്നും തീരുമാനം ലഭിക്കുന്ന മുറയ്ക്ക് ശുചീകരണത്തൊഴിലാളികളുടെ ശമ്പള

പരിഷ്കരണം നടപ്പിലാക്കുന്നതാണ്. ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന ശുചീകരണത്തൊഴിലാളികൾക്ക് മറ്റ് മേഖലകളിൽ നൽകുന്ന മിനിമം വേതനം നൽകുന്നതിന് നടപടി സ്വീകരിക്കുന്നതാണ്.

( 2) ഇതര സംസ്ഥാനത്തൊഴിലാളികൾ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വ്യാപകമാകുന്നതുമൂലമുള്ള പ്രശ്നങ്ങൾ

ശ്രീ. വി. പി. സജീന്ദ്രൻ: നിർമ്മാണ മേഖലയിലും ചെറുകിട വ്യവസായ മേഖലയിലും ഇതര സംസ്ഥാനത്തൊഴിലാളികളുടെ സേവനം ഒഴിവാക്കാൻ കഴിയാത്തതാണ്. പ്രാദേശികമായി തൊഴിലാളികളെ ലഭിക്കാത്ത സാഹചര്യത്തിലാണ് ഇതര സംസ്ഥാന തൊഴിലാളികളെ ആശ്രയിക്കേണ്ടിവരുന്നത്. എന്നാൽ ഇവർ ഉൾപ്പെടുന്ന കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ക്രിമിനൽ പശ്ചാത്തലമുള്ള ഇതര സംസ്ഥാനത്തൊഴിലാളികളെ ഒഴിവാക്കുന്നതിന് തൊഴിൽ, തദ്ദേശ സ്വയംഭരണം, പോലീസ് എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ആവശ്യമായ നടപടി സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): 2013-ലെ കണക്കനുസരിച്ച് 25 ലക്ഷത്തോളം ഇതരസംസ്ഥാന തൊഴിലാളികൾ കേരളത്തിൽ ജോലിചെയ്യുന്നുണ്ട്. തൊഴിലാളികളുടെ എണ്ണം വർദ്ധിക്കുന്നതിനനുസരിച്ച് കുറ്റകൃത്യങ്ങളും വർദ്ധിക്കുന്നു.

ഇതരസംസ്ഥാന തൊഴിലാളികൾക്ക് കേരളത്തിൽ നിബന്ധനകളേർപ്പെടുത്തുന്നതിന് പരിമിതികളുണ്ട്. ഓരോ പോലീസ് സ്റ്റേഷൻ അതിർത്തിയിലും ഇവരുടെ വിവരം ശേഖരിച്ച് മൈഗ്രന്റ് ലേബർ രജിസ്റ്റർ സൂക്ഷിക്കുകയും താമസസ്ഥലത്തും തൊഴിലിടങ്ങളിലും റസിഡന്റ്സ് മാപ്പിംഗ് നടത്തി വിവരങ്ങൾ ഡിജിറ്റലൈസ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും തീവ്രവാദികളോ സാമൂഹ്യവിരുദ്ധരോ ഇവർക്കിടയിൽ ഉൾപ്പെട്ടിട്ടുണ്ടോയെന്ന് പരിശോധിക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്. ഇവരുടെ ജീവിത സാഹചര്യവും തൊഴിൽ അന്തരീക്ഷവും താമസസ്ഥലത്തെ ശുചിത്വവും സുരക്ഷയും പൊതു ആരോഗ്യസ്ഥിതിയും മെച്ചപ്പെടുത്തേണ്ടതും ബോധവത്ക്കരണം നടത്തേണ്ടതും പകർച്ചവ്യാധികൾ പടർന്നുപിടിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതും ആവശ്യമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പങ്കാളിത്തത്തോടുകൂടി ഇവർക്ക് താമസ സൗകര്യം ഏർപ്പെടുത്തേണ്ടതുണ്ട്. ഇവർക്കായി 'ആവാസ് ' ഇൻഷ്വറൻസ് പദ്ധതി നടപ്പാക്കുന്ന കാര്യം തൊഴിൽ വകുപ്പിന്റെ പരിഗണനയിലാണ്.

## III സബ്മിഷൻ

### (1) <u>കായംകുളം താപവൈദ്യുത നിലയം</u>

പ്രതിപക്ഷ നേതാവ് (<u>ശ്രീ. രമേശ് ചെന്നിത്തല</u>): എൽ.എൻ.ജി. ഉപയോഗിച്ച്

വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള സാഹചര്യം സൃഷ്ടിച്ച് കായംകുളം താപവൈദ്യുത നിലയത്തെ സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): എൻ.റ്റി.പി.സി.യുടെ ഉടമസ്ഥതയിലുള്ള കായംകുളം താപവൈദ്യുത നിലയത്തിൽ നാഫ്ത ഉപയോഗിച്ച് ഉത്പാദിപ്പിക്കുന്ന വൈദ്യുതിയുടെ വില മറ്റ് നിലയങ്ങളെ അപേക്ഷിച്ച് വളരെ കൂടുതലാണ്. അടിയന്തരഘട്ടങ്ങളിൽ മാത്രമേ ഇവിടെ നിന്നും വൈദ്യുതി വാങ്ങുകയുള്ളൂ. 2013-ൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡും എൻ.റ്റി.പി.സി.യും തമ്മിലുള്ള പവർ പർച്ചേസ് എഗ്രിമെന്റ് 28.02.2025 വരെ വ്യവസ്ഥകൾക്ക് വിധേയമായി ദീർഘിപ്പിച്ചിട്ടുണ്ട്. നാഫ്തയോടൊപ്പം പ്രകൃതി വാതകം കൂടി ഇന്ധനമായി ഉപയോഗപ്പെടുത്താൻ നിലയം സജ്ജമായിട്ടുണ്ടെങ്കിലും പ്രകൃതി വാതകം ലഭ്യമാക്കുന്നതിനുള്ള നടപടികളോ ബ്രഹ്മപുരത്തേക്ക് നിലയം മാറ്റി സ്ഥാപിക്കുന്നതിനുള്ള നടപടികളോ എൻ.റ്റി.പി.സി. കൈക്കൊണ്ടിട്ടില്ല. ഭീമമായ തുക എൻ.റ്റി.പി.സി-ക്ക് നൽകുന്നത് കെ.എസ്.ഇ.ബി.യുടെ സാമ്പത്തിക അടിത്തറയെ പ്രതികൂലമായി ബാധിക്കും. ഫിക്സഡ് ചാർജിൽ കുറവുവരുത്തണമെന്ന് കേന്ദ്ര റഗുലേറ്ററി കമ്മീഷനോടും കുറഞ്ഞ നിരക്കിൽ പ്രകൃതി വാതകം ലഭ്യമാക്കുന്നതിനുള്ള നടപടിയുണ്ടാകണമെന്ന് കേന്ദ്ര ഊർജ്ജ സഹമന്ത്രിയോടും അഭ്യർത്ഥിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ കേന്ദ്രഗവൺമെന്റിന്റെ

ഭാഗത്തുനിന്നും അനുഭാവപൂർവ്വമായ സമീപനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): കായംകുളം താപവൈദ്യുത നിലയത്തിന്റെ പ്രവർത്തനം സംബന്ധിച്ചും LNG കേരളത്തിൽ എത്തിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുന്നതിനെക്കുറിച്ചും ഭരണ-പ്രതിപക്ഷഭേദമെന്യെ കൂട്ടായ ശ്രമം നടത്തണം.

(2) നസീറിന്റെ മരണം

ശ്രീ. ബി. സത്യൻ: ആറ്റിങ്ങൽ മണ്ഡലത്തിലെ ആലംകോട് സ്വദേശിയായ നസീർ സൗദി അറേബ്യയിലെ ലൈല അഫിലാജിൽ വെടിയേറ്റ് മരിച്ച സംഭവത്തെക്കുറിച്ച് അന്വേഷണം നടത്തുന്നതിനും കുടുംബത്തിന് ധനസഹായം നൽകുന്നതിനും നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സൗദി അറേബ്യയിലെ ലൈലാ അഫിലാജിൽ ഹോട്ടൽ നടത്തിപ്പുകാരനായ നസീർ കഴിഞ്ഞ മാസം 15-ാം തീയതി നാലംഗ സൗദി സ്വദേശികളുടെ വെടിയേറ്റ് മരണപ്പെട്ടുവെന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവിടത്തെ ഇന്ത്യൻ എംബസിയും കേന്ദ്ര വിദേശകാര്യ മന്ത്രാലയവുമായി ബന്ധപ്പെട്ട്

വിശദാംശങ്ങൾ മനസ്സിലാക്കുന്നതിനും ശവസംസ്കാരം സൗദിയിൽത്തന്നെ നടത്തുന്നതിനുമാവശ്യമായ നടപടികൾ സ്വീകരിച്ചുവരികയാണ്. ഇക്കാര്യത്തിൽ അന്വേഷണം നടത്താൻ കേന്ദ്ര വിദേശകാര്യ മന്ത്രാലയത്തോട് ആവശ്യപ്പെടുകയും മരണാനന്തര നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് സൗദിയിലെ ഇന്ത്യൻ കൗൺസിൽ (ലേബർ ആന്റ് വെൽഫെയർ) മുഖാന്തിരം അഭ്യർത്ഥിച്ചിട്ടുമുണ്ട്. സാന്ത്വന പദ്ധതിപ്രകാരമുള്ള ധനസഹായവും നൽകുന്നതാണ്.

(3) സർക്കാർ പ്രസ്സ് ആരംഭിക്കൽ

ശ്രീ. എ. പി. അനിൽ കുമാർ: വണ്ടൂരിൽ അനുവദിച്ച സർക്കാർ പ്രസ്സിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): വണ്ടൂരിൽ സർക്കാർ പ്രസ്സ് ആരംഭിക്കുന്നതിനുള്ള ചെലവ് അടുത്ത സാമ്പത്തിക വർഷം മാത്രമേ അനുവദിക്കുകയുള്ളൂവെന്ന വ്യവസ്ഥയിന്മേൽ താത്വിക ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുകയും ഇതുസംബന്ധിച്ച നടപടി

സ്വീകരിച്ചുവരുന്നതായി അച്ചടി വകുപ്പ് ഡയറക്ടർ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(4) <u>മൾട്ടി സ്പോർട്സ് കോംപ്ലക്സ്</u>

<u>ശ്രീ. മുല്ലക്കര രത്നാകരൻ:</u> ഇട്ടിവ ഗ്രാമപഞ്ചായത്തിലെ കോട്ടുക്കലിൽ മൾട്ടി സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കണം.

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി <u>(ശ്രീ. ഇ. പി. ജയരാജൻ)</u>: കൊല്ലം ജില്ലയിലെ ചടയമംഗലത്ത് സ്പോർട്സ് അതോറിറ്റി ഓഫ് ഇന്ത്യ (സായി)-യുടെ കീഴിൽ വനിതാ സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിനായി കോട്ടുക്കൽ കൃഷി ഫാമിൽനിന്ന് ഇരുപത് ഏക്കർ ഭൂമി 2009-ൽ ഇട്ടിവ ഗ്രാമപഞ്ചായത്ത് കായിക യുവജനകാര്യ ഡയറക്ടർക്ക് മുപ്പത് വർഷത്തെ പാട്ടത്തിന് അനുവദിച്ചു നൽകിയിരുന്നു. വനിതകൾക്ക് മാത്രമായി ഒരു സ്പോർട്സ് അക്കാദമി തുടങ്ങുകയെന്നത് പ്രായോഗികമല്ലെന്ന 'സായി'-യുടെ അറിയിപ്പിനെത്തുടർന്ന് പ്രസ്തുത സ്ഥലത്ത് ഒരു മൾട്ടി സ്പോർട്സ് അക്കാദമി സ്ഥാപിക്കുന്നതിന് ഇട്ടിവ ഗ്രാമപഞ്ചായത്തിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. മൾട്ടി സ്പോർട്സ്

അക്കാദമി സ്ഥാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്ര യുവജന കാര്യമന്ത്രാലയത്തോട് ആവശ്യപ്പെടുകയും അടിസ്ഥാന സൗകര്യമുള്ള സ്ഥലത്തു മാത്രമേ സ്പോർട്സ് കോംപ്ലക്സ് സ്ഥാപിക്കുകയുള്ളുവെന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ട്. 'സായി' -യുടെ നിലപാട് അനുകൂലമല്ലാത്ത സാഹചര്യത്തിൽ കോട്ടുക്കലിൽ ഒരു പരിശീലന കേന്ദ്രം അനുവദിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലില്ല.

(5) ടൈൽ ഫാക്ടറിയുടെ പ്രവർത്തനം

ശ്രീ. വി. കെ. സി. മമ്മത് കോയ: ഹൈ-ടെക് ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനും ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കണം

വ്യവസായവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. ഇ. പി. ജയരാജൻ): ബാംബൂ കോർപ്പറേഷൻ വൈവിധ്യവത്കരണത്തിന്റെ ഭാഗമായി ആരംഭിച്ച ബാംബൂ ഫ്ലോറിംഗ് ടൈൽ ഫാക്ടറിക്ക് ആവശ്യമായ മുള ലഭ്യമല്ലാത്തതിനാൽ ഫാക്ടറിയുടെയും ഫീഡർ യൂണിറ്റുകളുടെയും പ്രവർത്തനം നിലച്ചിരിക്കുന്ന സാഹചര്യത്തിൽ വനം വകുപ്പിൽ നിന്ന് അസംസ്കൃത വസ്തു

ലഭ്യമാക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതാണ്.

(6) ധനസഹായം

ശ്രീ. എം. എം. മണി: പ്രകൃതിക്ഷോഭംമൂലം ഭാഗികമായി നാശനഷ്ടം സംഭവിച്ച വീട്ടുടമസ്ഥർക്ക് നാശനഷ്ടത്തിന്റെ ശതമാനാടിസ്ഥാനത്തിൽ ധനസഹായം അനുവദിക്കണം.

റവന്യൂവും ഭവന നിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): കേന്ദ്രസർക്കാർ പുറപ്പെടുവിച്ച നിർദ്ദേശമനുസരിച്ച് ദുരന്ത പ്രതികരണനിധി മാനദണ്ഡങ്ങൾക്കനുസൃതമായാണ് പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് ധനസഹായമനുവദിക്കുന്നത്. സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള ധനസഹായത്തിന് ഭേദഗതി വരുത്തുന്നതിൽ സംസ്ഥാന സർക്കാരിന് സ്വന്തം നിലയിൽ തീരുമാനമെടുക്കാൻ കഴിയാത്തതിനാൽ നിലവിലുള്ള മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽ മാത്രമേ ധനസഹായമനുവദിക്കാൻ സാധിക്കുകയുള്ളൂ. സംസ്ഥാന ദുരന്ത പ്രതികരണ നിധി മാനദണ്ഡങ്ങൾക്കുപരിയായി അനുവദിക്കേണ്ട തുക മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നാണ് അനുവദിക്കുന്നത്. ഭാഗികമായി കേടുപാട് സംഭവിച്ച വീടുകൾക്ക് പരാമവധി 50,000 രൂപയും പൂർണ്ണമായും നാശനഷ്ടം സംഭവിച്ചവയ്ക്ക് രണ്ടുലക്ഷം രൂപയും ആശ്വാസ ധനസഹായം നൽകുന്നുണ്ട്.

(7) ഭവന നിർമ്മാണാനുമതി

ശ്രീ. എ. എം. ആരിഫ്: റവന്യൂ രേഖകളിൽ നിലം എന്നു രേഖപ്പെടുത്തിയിരിക്കുന്ന, ഡാറ്റാബാങ്കിൽ ഉൾപ്പെടുത്താത്ത സ്ഥലം പുരയിട ഭൂമി എന്നാക്കി മാറ്റി ഭവനനിർമ്മാണത്തിന് അനുമതി നൽകുന്നതിന് നടപടി സ്വീകരിക്കണം.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): റവന്യൂ രേഖകളിൽ നിലമെന്ന് രേഖപ്പെടുത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി സംബന്ധിച്ച് 1967-ലെ കേരള ഭൂവിനിയോഗ ഉത്തരവ് പ്രകാരം തുടർ നടപടികൾ സ്വീകരിച്ചിരുന്നു. 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ആക്ടിലെ 3(എ) ഭേദഗതി പ്രകാരം 2008-ന് മുമ്പ് നൽകുന്നതോ നികത്തപ്പെട്ടതോ ആയ നിലങ്ങൾ റഗുലറൈസ് ചെയ്യുന്നതിനുള്ള വ്യവസ്ഥകൾ നിലവിൽ വന്നതിനാൽ ഇക്കാര്യത്തിൽ ചില അവ്യക്തതകൾ ഉണ്ടായിട്ടുണ്ട്. പ്രസ്തുത ഭേദഗതി പിൻവലിക്കുന്നതോടുകൂടി നിലമെന്ന് രേഖപ്പെടുത്തിയതും ഡാറ്റാ ബാങ്കിൽ ഉൾപ്പെടാത്തതുമായ ഭൂമി സംബന്ധിച്ച് തുടർ നടപടി സ്വീകരിക്കാൻ സാധിക്കുന്നതാണ്. ബന്ധപ്പെട്ട വകുപ്പുമന്ത്രിമാരുടെയും വകുപ്പുതല സെക്രട്ടറിമാരുടെയും യോഗം വിളിച്ച് ഇക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്.

(8) ശുദ്ധജല വിതരണ പദ്ധതി

<u>ശ്രീ. കെ. കെ. രാമചന്ദ്രൻ നായർ</u>: ചെങ്ങന്നൂർ നിയോജകമണ്ഡലത്തിലെ രൂക്ഷമായ കുടിവെള്ള പ്രശ്നം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം.

ജലവിഭവ വകുപ്പുമന്ത്രി <u>(ശ്രീ. മാത്യൂ ടി. തോമസ്)</u>: ചെങ്ങന്നൂർ നിയോജക മണ്ഡലത്തിൽ എല്ലായിടത്തും ജലം എത്തിക്കുന്നതിന് കൂടുതൽ ശേഷിയുള്ള ട്രീറ്റ്മെന്റ് പ്ലാന്റിനുള്ള സമഗ്ര പദ്ധതി ആവിഷ്കരിക്കുന്നതിനും ഓപ്പൺ വെല്ലിലുള്ള ദ്രവിച്ചുപോയ ജി. ഐ. പൈപ്പുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനും കുഴൽക്കിണറുകൾ വഴി ജലം എത്തിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടിവെള്ള സ്ഥാപിതശേഷി കുറഞ്ഞ പഞ്ചായത്തുകളിലെ പണികൾക്ക് ഘട്ടംഘട്ടമായി തുക അനുവദിക്കുന്നതിനുള്ള ഭരണാനുമതി നൽകിക്കഴിഞ്ഞു. സ്ഥല ലഭ്യതക്കുറവുമൂലം ശുദ്ധീകരണശാലയുടെ പണി ആരംഭിച്ചിട്ടില്ല. ചെന്നിത്തലയിലുള്ള ഓവർഹെഡ് ടാങ്കിൽ പൈപ്പ് ലൈൻ നിർമ്മിച്ച് ജലമെത്തിക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

## (9) <u>തസ്തിക സൃഷ്ടിക്കൽ</u>

<u>ശ്രീ. സി. മമ്മൂട്ടി</u>: തിരൂർ ജനറൽ ആശുപത്രിയിൽ ഒഴിവുള്ള തസ്തികകൾ നികത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കണം.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി <u>(ശ്രീമതി കെ. കെ. ശൈലജ</u>

ടീച്ചർ): തിരൂർ ജനറൽ ആശുപത്രിയിൽ 31 ഡോക്ടർമാർ, 24 മണിക്കൂറും പ്രവർത്തിക്കുന്ന ബ്ലഡ് ബാങ്ക്, ആധുനിക ലാബ്, ഡയാലിസിസ് യൂണിറ്റ് തുടങ്ങിയ സൗകര്യങ്ങൾ ലഭ്യമാണ്. ഈ ആശുപത്രിയെ ജനറൽ ആശുപത്രിയായി ഉയർത്തിയെങ്കിലും ആവശ്യമായ തസ്തിക സൃഷ്ടിക്കപ്പെട്ടിട്ടില്ല. താലൂക്ക്-ജില്ലാ ആശുപത്രികളെ സ്പെഷ്യാലിറ്റി സൗകര്യമുള്ള ആശുപത്രികളാക്കി മാറ്റുന്നതുമായി ബന്ധപ്പെട്ട് സെപ്റ്റംബർ മാസത്തിൽ ഒരു യോഗം വിളിച്ചുചേർക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഘട്ടംഘട്ടമായി തിരൂർ ആശുപത്രിയിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിനുമുള്ള നടപടി സ്വീകരിക്കും.

(10) എം. സി. റോഡിന്റെ ശോചനീയാവസ്ഥ

ശ്രീ. കെ. സുരേഷ് കുറുപ്പ്: ഏറ്റുമാനൂർ ക്രിസ്തുരാജ പള്ളിവക സ്ഥലത്തിന്റെ കോംപൻസേഷൻ നൽകാത്തതുമൂലം തടസ്സപ്പെട്ടിരിക്കുന്ന എം.സി. റോഡിന്റെ പണി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കണം.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): ഏറ്റുമാനൂർ ടൗണിൽ നിന്നും അതിരമ്പുഴ ജംഗ്ഷൻ വരെ വികസിപ്പിക്കുന്നതിനാണ് ക്രിസ്തുരാജ പള്ളിവക സ്ഥലവും കുരിശ്ശടിയും കെ.എസ്.റ്റി.പി. ഏറ്റെടുത്തത്. ജില്ലാതല ഭൂമി വാങ്ങൽ കമ്മിറ്റി ഒരു സെന്റിന്

2,20,000 രൂപ വില നിശ്ചയിച്ച് പള്ളി അധികാരികൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ട്. നഷ്ടപരിഹാരത്തുക കുറവാണെന്ന് കാണിച്ച് കളക്ടറുടെ അദ്ധ്യക്ഷതയിൽ ചേർന്ന പരാതി പരിഹാര കമ്മിറ്റി മുമ്പാകെ പള്ളിക്കുവേണ്ടി ട്രസ്റ്റ് 35 ലക്ഷം രൂപ വേണമെന്ന് ആവശ്യപ്പെട്ടു. കമ്മിറ്റി സെന്റിന് ആറുലക്ഷം രൂപയും കുരിശുപള്ളിക്ക് 14,95,159 രൂപയും നിശ്ചയിക്കുകയും മൊത്തം തുകയിൽനിന്ന് സ്ഥലത്തിന്റെയും ചമയങ്ങളുടെയും അവാർഡ് തുക കുറവ് ചെയ്ത് ബാക്കി നൽകാൻ തീരുമാനിക്കുകയും ചെയ്തു. ആവശ്യപ്പെട്ട നഷ്ടപരിഹാരം പലിശസഹിതം ലഭ്യമാക്കണമെന്ന് പള്ളി അധികാരികൾ കോട്ടയം സബ് കോടതിയിൽ കേസ് നൽകി. കേസിന്റെ വിചാരണ നടന്നുവരുന്നതിനാൽ റോഡ് നിർമ്മാണ പ്രവൃത്തി ഇപ്പോൾ തടസ്സപ്പെട്ടിരിക്കുകയാണ്.

## (11) <u>ബസ് സ്റ്റാന്റിന്റെ ശോചനീയാവസ്ഥ</u>

<u>ശ്രീമതി വീണാ ജോർജ്ജ്</u>: പത്തനംതിട്ട മുനിസിപ്പൽ ബസ് സ്റ്റാന്റ് നിർമ്മാണം സംബന്ധിച്ച് വകുപ്പുതല അന്വേഷണം നടത്തുന്നതിനും കെ.യു.ആർ.ഡി.എഫ്.സി-യിൽനിന്നെടുത്ത ലോണിന് വൺ ടൈം സെറ്റിൽമെന്റ് ഏർപ്പെടുത്തുന്നതിനും ബസ് സ്റ്റാന്റിന്റെയും യാർഡിന്റെയും ശോച്യാവസ്ഥ പരിഹരിക്കുന്നതിന് ധനസഹായം അനുവദിക്കുന്നതിനും അടിയന്തര നടപടി സ്വീകരിക്കണം.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): പത്തനംതിട്ട നഗരസഭ ബസ് സ്റ്റാന്റും ഷോപ്പിംഗ് കോംപ്ലക്സും യാർഡും നിർമ്മിക്കുന്നതിന് ഹഡ്കോയിൽനിന്നെടുത്ത 4.35 കോടി രൂപ വായ്പ കെ.യു.ആർ.ഡി.എഫ്.സി-യിലേയ്ക്ക് മാറ്റുകയും നഗരസഭ ഒന്നരക്കോടി രൂപകൂടി ചെലവിട്ട് നിർമ്മാണം പൂർത്തിയാക്കി കമ്മീഷൻ ചെയ്യുകയും ചെയ്തു. ഭീമമായ തുക ഇനിയും കെ.യു.ആർ.ഡി.എഫ്.സി-യിലേയ്ക്ക് അടയ്ക്കേണ്ടതിനാൽ പിഴപ്പലിശ ഒഴിവാക്കി വൺ ടൈം സെറ്റിൽമെന്റിൽ പരിഹരിക്കാൻ സാധിക്കുമോയെന്ന് പരിശോധിക്കുന്നതിനായി ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ യോഗം കൂടി നിർമ്മാണത്തിലെ അശാസ്ത്രീയതയെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിന് എൽ.എസ്.ജി.ഡി. ചീഫ് എഞ്ചിനീയറെ ചുമതലപ്പെടുത്തുന്നതാണ്.

## IV മേശപ്പുറത്തുവച്ച കടലാസ്സുകൾ

കാര്യവിവരപ്പട്ടികയിലെ 3 (1), (2), (3) ഇനം അനുസരിച്ചുള്ള കടലാസ്സുകൾ മേശപ്പുറത്തുവച്ചു.

## V ചട്ടം 300 അനുസരിച്ചുള്ള പ്രസ്താവന

### സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി

സംസ്ഥാനത്ത് നടപ്പാക്കാനുദ്ദേശിക്കുന്ന സമ്പൂർണ്ണ വൈദ്യുതീകരണ

പദ്ധതിയെ സംബന്ധിച്ച് വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി ശ്രീ. കടകംപള്ളി സുരേന്ദ്രൻ ചട്ടം 300 അനുസരിച്ച് പ്രസ്താവന നടത്തി.

## VI വ്യക്തിപരമായ വിശദീകരണം

### ധനകാര്യ വകുപ്പുമന്ത്രിയുടെ മറുപടി പ്രസംഗത്തിലെ പരാമർശം

ശ്രീ. വി. റ്റി. ബൽറാം: ബഡ്ജറ്റ് ചർച്ചയ്ക്ക് മറുപടി പറഞ്ഞ സന്ദർഭത്തിൽ ഞാൻ വേണ്ടായെന്ന് പറഞ്ഞ റോഡിനുപോലും തുക വകയിരുത്തിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പറഞ്ഞത് തെറ്റിദ്ധാരണാജനകമാണ്. തലേദിവസം ആ റോഡിന് ഫണ്ട് അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ സബ്മിഷൻ അവതരിപ്പിച്ചിരുന്നതാണ്. സ്വന്തം നിയോജകമണ്ഡലത്തിൽ വികസന പദ്ധതി വേണ്ടെന്ന തരത്തിൽ പറഞ്ഞതായി സഭയിലെ മറ്റ് അംഗങ്ങൾക്ക് തെറ്റിദ്ധാരണയുണ്ടാകരുത്.

## VI ക്രമപ്രശ്നം

### (1) ചട്ടങ്ങൾ മലയാളത്തിൽ പ്രസിദ്ധീകരിക്കുന്നത് സംബന്ധിച്ച്

ശ്രീ. എം. ഉമ്മർ: നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ 166-ാം ചട്ടപ്രകാരം സഭയുടെ മേശപ്പുറത്തുവച്ച എസ്.ആർ.ഒ. നം.56/2015-ലെ കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട് മലയാളത്തിലും ചട്ടങ്ങൾ ഇംഗ്ലീഷിലുമാണ് പുറപ്പെടുവിച്ചിട്ടുള്ളത്. മലയാളഭാഷ

ശ്രേഷ്ഠഭാഷയായി അംഗീകരിച്ചിട്ടുള്ളതും മലയാള ഭാഷയെ പരിപോഷിപ്പിക്കുന്നതിന് ഒട്ടേറെ കാര്യങ്ങൾ നടപ്പിലാക്കുകയും ചെയ്യുന്ന സന്ദർഭത്തിൽ സഭയിൽത്തന്നെ ഇങ്ങനെയുള്ള ലംഘനങ്ങൾ നടത്തുന്നത് ഗൗരവമായെടുത്ത് ഇത് ആവർത്തിക്കാതിരിക്കാനുള്ള ശക്തമായ റൂളിംഗ് നൽകണം.

വൈദ്യുതിയും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ) : 'ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്-2015'-പ്രകാരം 30.5.2015-ൽ പുറപ്പെടുവിച്ച ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിലാണ് പ്രസിദ്ധീകരിച്ചത്. പ്രസ്തുത ഓർഡിനൻസിന് പകരമായി 2015-ലെ 'കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ആക്ട്' നിയമസഭ മലയാള ഭാഷയിൽ പാസ്സാക്കിയെങ്കിലും റിക്രൂട്ട്മെന്റ് ചട്ടങ്ങൾ ഇംഗ്ലീഷ് ഭാഷയിലാണ് പുറപ്പെടുവിച്ചിട്ടുള്ളത്. പ്രസ്തുത ചട്ടങ്ങൾ മലയാള ഭാഷയിൽ പ്രസിദ്ധീകരിക്കുന്നതിനുള്ള നടപടി കൈക്കൊണ്ടിട്ടുണ്ട്. ദേവസ്വം ബോർഡ് നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേന നടത്താൻ സർക്കാർ നയപരമായ തീരുമാനം കൈക്കൊണ്ടിട്ടുള്ളതിനാൽ ഭാവിയിൽ പ്രസ്തുത ആക്ടിനും ചട്ടങ്ങൾക്കും പ്രസക്തിയില്ലാതാകും. ഇത്തരം പിശകുകൾ ഒഴിവാക്കാൻ ശ്രദ്ധിക്കുന്നതാണ്.

(2) മുഖ്യമന്ത്രിയുടെ സത്യപ്രതിജ്ഞ സംബന്ധിച്ച്

ശ്രീ. പി. സി. ജോർജ് : ശ്രീ. പിണറായി വിജയൻ മന്ത്രിയെന്ന

നിലയിലാണ് സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളതെന്നും മുഖ്യമന്ത്രിയായി സത്യപ്രതിജ്ഞ ചെയ്യാത്ത ഒരാൾ മുഖ്യമന്ത്രിയെന്ന നിലയിൽ സഭയിലെ ചർച്ചകളിൽ പങ്കെടുക്കുന്നതും സഭാ നേതാവായി പ്രവർത്തിക്കുന്നതും ക്രമാനുസൃതമാണോയെന്ന് പരിശോധിച്ച് റൂളിംഗ് നൽകണം.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : മുഖ്യമന്ത്രിയെന്ന നിലയിൽ പ്രത്യേകം സത്യപ്രതിജ്ഞ ചെയ്യണമെന്ന് ഭരണഘടനയിൽ ഒരിടത്തും പരാമർശിച്ചിട്ടില്ല. മുഖ്യമന്ത്രി പിണറായി വിജയൻ ഭരണഘടന അനുശാസിക്കും പ്രകാരം നിയമപരമായി സത്യപ്രതിജ്ഞ ചെയ്തിട്ടുള്ളതിനാലും ഭരണഘടനയുടെ 3-ാം പട്ടികയിൽ പറയുന്ന പ്രതിജ്ഞയുടെ അന്തസ്സത്ത പൂർണ്ണമായും ഉൾക്കൊള്ളുന്ന രീതിയിൽ പ്രതിജ്ഞ ചെയ്തിട്ടുള്ളതിനാലും മുഖ്യമന്ത്രിയായും സഭാനേതാവായും തുടരുന്നതിൽ യാതൊരു തടസ്സവുമില്ല. ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

**റൂളിംഗ്**

മി. സ്പീക്കർ : ഭരണഘടനയുടെ അനുച്ഛേദം 213 പ്രകാരം ഗവർണ്ണർ പുറപ്പെടുവിച്ച 'ദി കേരള ദേവസ്വം റിക്രൂട്ട്മെന്റ് ബോർഡ് ഓർഡിനൻസ്-2015' മലയാളഭാഷയിലാണ് പുറപ്പെടുവിച്ചതെങ്കിലും അതിൻപ്രകാരമുള്ള ചട്ടങ്ങൾ ഇംഗ്ലീഷ്

ഭാഷയിൽ പുറപ്പെടുവിക്കാനിടയായ സാഹചര്യം സംബന്ധിച്ച് നൽകിയ വിശദീകരണം തൃപ്തികരമല്ല. ഇക്കാര്യത്തിൽ ബന്ധപ്പെട്ട വകുപ്പിന് ഗുരുതരമായ വീഴ്ചയാണ് സംഭവിച്ചിട്ടുള്ളത്. സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളുടെ കരട് ബന്ധപ്പെട്ട സബ്ജക്ട് കമ്മിറ്റിയുടെ പരിശോധനയ്ക്ക് വിധേയമാക്കിയിരുന്നുവെങ്കിൽ ഇത്തരം വീഴ്ചകൾ ഒഴിവാക്കാൻ സാധിക്കുമായിരുന്നു. ഇക്കാര്യം സർക്കാർ ഗൗരവപൂർവ്വം വീക്ഷിക്കുകയും ആവശ്യമായ തിരുത്തൽ നടപടികൾ സ്വീകരിക്കുകയും വേണം. 'സബോർഡിനേറ്റ് ലെജിസ്ലേഷൻ' എന്ന പ്രക്രിയയുടെ ഭാഗമായി സർക്കാർ പുറപ്പെടുവിക്കുന്ന ചട്ടങ്ങളുടെ സാധുത പരിശോധിക്കാൻ നിയമസഭാ നടപടി ചട്ടപ്രകാരം ബന്ധപ്പെട്ട സഭാ സമിതികൾക്ക് ലഭ്യമായിട്ടുള്ള അധികാരങ്ങൾ തമസ്കരിക്കുന്ന തരത്തിലുള്ള ഇത്തരം നടപടികൾ ഭാവിയിൽ ഉണ്ടാകരുത്. നിയമസഭ പാസ്സാക്കുന്ന ഒറിജിനൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ പുറപ്പെടുവിക്കുന്ന ചട്ടങ്ങൾ നിർബന്ധമായും മലയാള ഭാഷയിൽത്തന്നെ പുറപ്പെടുവിക്കണമെന്ന് റൂൾ ചെയ്യുന്നു. മുഖ്യമന്ത്രിയുടെയും മറ്റ് മന്ത്രിമാരുടെയും സത്യപ്രതിജ്ഞയേയും സ്ഥാനാരോഹണത്തെയും സംബന്ധിച്ച് ശ്രീ പി.സി. ജോർജ് ഉന്നയിച്ച വിഷയം ചെയർ സസൂക്ഷ്മം പരിശോധിക്കുകയുണ്ടായി. മുൻസർക്കാരുകളുടെ രൂപീകരണത്തിലെന്നപോലെ ഈ സർക്കാരിന്റെ രൂപീകരണത്തിലും മൗലികമായ എല്ലാ ഭരണഘടനാ തത്വങ്ങളും

പാലിച്ചിരുന്നുവെന്ന യാഥാർത്ഥ്യം സുവ്യക്തമായിരിക്കെ തികച്ചും സാങ്കേതികവും സാങ്കൽപ്പികവുമായ കാര്യങ്ങൾ യുക്തിരഹിതമായി വ്യാഖ്യാനിച്ച് സഭയുടെ വിലപ്പെട്ട സമയം പാഴാക്കിക്കളയുന്നത് ഭൂഷണമല്ല. കേവലം സാങ്കേതികതയുടെ നൂലാമാലകളല്ല; സാധാരണ മനുഷ്യരുടെ ജീവിത ദുരിതങ്ങളാണ് ബഹുമാനപ്പെട്ട അംഗങ്ങളെ പ്രചോദിപ്പിക്കേണ്ടത്. അത്തരത്തിലുള്ള യജ്ഞത്തിനാണ് സഭയുടെ സമയം വിനിയോഗിക്കേണ്ടത്. ശ്രീ പി. സി. ജോർജിന്റെ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

## VIII സ്റ്റാറ്റ്യൂട്ടറി പ്രമേയം

### 1968-ലെ കേരള വിദ്യാഭ്യാസ ആക്റ്റ് (1959 ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധന

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): "ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ അനുകൂല വിധി ബഹുമാനപ്പെട്ട സുപ്രീം കോടതി സ്ഥിരീകരിച്ചിട്ടുള്ളതിനാൽ താഴെപ്പറയുന്ന സ്കൂളുകളുടെ മാനേജർമാർ അവരുടെ സ്കൂളുകൾ അടച്ചുപൂട്ടിയിട്ടുള്ളതും അപ്രകാരം സ്കൂളുകൾ പൂട്ടിയിട്ടുള്ളത് പൊതു താൽപ്പര്യത്തിനും ആ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികളുടെ താൽപ്പര്യത്തിനും എതിരായതിനാലും;

1) എ.യു.പി. സ്കൂൾ മലാപ്പറമ്പ്

കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല,
കോഴിക്കോട് റവന്യൂ ജില്ല,

2) എ.യു.പി സ്കൂൾ, പാലാട്ട്
കോഴിക്കോട് സിറ്റി വിദ്യാഭ്യാസ ഉപജില്ല
കോഴിക്കോട് റവന്യൂ ജില്ല,

3) എ.എം.എൽ.പി. സ്കൂൾ മങ്ങാട്ടുമുറി
കൊണ്ടോട്ടി വിദ്യാഭ്യാസ ഉപജില്ല
മലപ്പുറം റവന്യൂ ജില്ല.

4) പി.എം.എൽ.പി. സ്കൂൾ കിരാലൂർ
വടക്കാഞ്ചേരി വിദ്യാഭ്യാസ ഉപജില്ല
തൃശ്ശൂർ റവന്യൂ ജില്ല.

കൂടുതൽ കാര്യക്ഷമമായി അവ നടത്തുന്നതിനുവേണ്ടി 1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959 ലെ 6) 15-ാം വകുപ്പ് (1)-ാം ഉപവകുപ്പിൻ കീഴിൽ മേൽ പ്രസ്താവിച്ച നാല് സ്കൂളുകളും പൊതു താൽപ്പര്യാർത്ഥം ഏറ്റെടുക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നതിനാലും;

1958-ലെ കേരള വിദ്യാഭ്യാസ ആക്ട് (1959 ലെ 6)15-ാം വകുപ്പ് (1)-ാം ഉപവകുപ്പിന്റെ ക്ലിപ്ത നിബന്ധനപ്രകാരം, ഏറ്റെടുക്കുവാനുള്ള സർക്കാരിന്റെ ഉദ്ദേശ്യത്തിന് നിയമസഭ പാസ്സാക്കിയ ഒരു പ്രമേയത്തിന്റെ പിൻബലമില്ലാതെ മേൽപ്പറഞ്ഞ ഉപവകുപ്പ് പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കാൻ പാടില്ലാത്തതിനാലും;

ഇപ്പോൾ, അതിനാൽ, 1958-ലെ കേരള വിദ്യാഭ്യാസ ആക്ടിലെ (1959-ലെ 6)

15-ാം വകുപ്പ് (1)- ാം ഉപവകുപ്പുപ്രകാരം, മേൽ പ്രസ്താവിച്ച നാല് സ്കൂളുകൾ ഏറ്റെടുക്കുന്നതിനുവേണ്ടി നിയമസഭയുടെ ഒരു പ്രമേയം പാസ്സാക്കുന്നതിനായി ഈ സഭ ഇതിനാൽ തീരുമാനിക്കുന്നു" എന്ന പ്രമേയം അവതരിപ്പിക്കുന്നു.

വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി (ശ്രീ. കെ. രാജു): പ്രമേയത്തെ പിന്താങ്ങുന്നു.

പ്രമേയം സഭ അംഗീകരിച്ചു.

## IX ചട്ടം 130 അനുസരിച്ചുള്ള ചർച്ച

സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): "കേരള സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളിൽ സിംഹഭാഗവും നടത്തുന്ന കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള തീരുമാനം സംസ്ഥാനത്തെ നിക്ഷേപത്തേയും സാമ്പത്തിക വളർച്ചയേയും തികച്ചും പ്രതികൂലമായി ബാധിക്കും.

കേരളത്തിന്റെ വികസനത്തിൽ എസ്.ബി.ടി.-യുടെ കാർഷിക വായ്പകൾ വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. കേരളത്തിന്റെ താല്പര്യങ്ങൾക്ക് വിരുദ്ധമായ

ലയന നീക്കങ്ങളിൽ നിന്നും പിൻമാറണമെന്ന് കേന്ദ്ര സർക്കാരിനോടും റിസർവ് ബാങ്ക് ഓഫ് ഇന്ത്യയോടും ഈ സഭ ആവശ്യപ്പെടുന്നു" എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

1946-ൽ രൂപംകൊണ്ട സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യയിൽ ലയിപ്പിക്കാനുള്ള നീക്കത്തെ അതീവ ഉത്കണ്ഠയോടെയാണ് സംസ്ഥാനം വീക്ഷിക്കുന്നത്. എസ്.ബി.റ്റി.യെ ലയിപ്പിക്കാനുള്ള നീക്കം സംസ്ഥാന നിക്ഷേപത്തെയും സാമ്പത്തിക വളർച്ചയെയും പ്രതികൂലമായി ബാധിക്കും. പുതിയ ചെറുകിട ബാങ്കുകൾക്ക് അനുവാദം നൽകുന്ന നയം കേന്ദ്ര സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുമ്പോൾ എസ്.ബി.റ്റി.-യെ ലയിപ്പിക്കാനുള്ള നീക്കം കേരളത്തിന്റെ താൽപ്പര്യത്തിന് വിരുദ്ധമാണ്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. 1959-ൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ (സബ്സിഡയറി ബാങ്ക്സ്) ആക്ട് പാർലമെന്റ് പാസ്സാക്കിയപ്പോൾ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ പോലെയുള്ള പ്രാദേശിക ബാങ്കുകളെ ലയിപ്പിക്കാതിരുന്നതിന്റെ പ്രധാന കാരണം പ്രാദേശികമായ കാര്യങ്ങളും കർഷകരുടെ ആവശ്യങ്ങളും നിറവേറ്റാൻ അതാത് പ്രദേശങ്ങളിൽത്തന്നെ ബാങ്കുകൾ നിലനിൽക്കണം എന്നുള്ള കാഴ്ചപ്പാടിന്റെ

ഭാഗമായിട്ടാണ്. ബാങ്കിംഗ് ദേശസാൽക്കരണത്തിന്റെ ഭാഗമായി വൻ കുതിച്ചുചാട്ടമാണ് ബാങ്കിംഗ് മേഖലയിലുണ്ടായത്. നിക്ഷേപ സമാഹരണത്തിലും വായ്പകൾ നൽകുന്നതിലും അറ്റാദായത്തിലും മുൻപന്തിയിൽ നിൽക്കുന്ന എസ്.ബി.ടി.-യെ എസ്.ബി.ഐ.-യിൽ ലയിപ്പിക്കാനുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം സംസ്ഥാന നിക്ഷേപത്തെയും സാമ്പത്തിക വളർച്ചയേയും പ്രതികൂലമായി ബാധിക്കും. 14892-ഓളം സ്ഥിരം ജീവനക്കാരും ആയിരത്തോളം ദിവസ വേതനക്കാരുമുൾപ്പെടുന്ന ഈ മേഖലയിൽ ഇത്തരമൊരു തീരുമാനം നടപ്പായാൽ പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെടാതെ വരികയും അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിലവസരങ്ങൾ നഷ്ടമാകുകയും ചെയ്യും. വനിതകൾ, എസ്.സി/എസ്.റ്റി. വിഭാഗത്തിൽപ്പെട്ടവർ, സൂക്ഷ്മ-ചെറുകിട വ്യവസായത്തൊഴിലാളികൾ എന്നിവർക്ക് വായ്പ നൽകി കേരളത്തിന്റെ ആവശ്യങ്ങൾ മനസ്സിലാക്കിയാണ് എസ്.ബി.ടി. പ്രവർത്തിക്കുന്നത്. മാക്രോ പ്ലാനിംഗ് ഈ രംഗത്ത് നടപ്പാക്കിയാൽ പാവപ്പെട്ട ജനവിഭാഗങ്ങളുടെ താല്പര്യങ്ങൾ സംരക്ഷിക്കാതെ കോർപ്പറേറ്റുകൾക്കുമാത്രം സഹായകമാകുന്ന നിലയിലേയ്ക്ക് മുന്നോട്ടുപോകുമെന്ന ആശങ്ക നിലനിൽക്കുകയാണ്. കേരളത്തിലെ പൊതു സമൂഹവും രാഷ്ട്രീയകക്ഷികളും ഒറ്റക്കെട്ടായി ഈ നീക്കത്തിൽനിന്ന് കേന്ദ്രസർക്കാരിനെ പിന്തിരിപ്പിക്കണം.

<u>ശ്രീ. എസ്. ശർമ്മ</u> : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേരള സമ്പദ്ഘടനയും

ധനമാനേജ്മെന്റും ആശ്രയിക്കുന്നത് എസ്.ബി.ടി. - യെയാണ്. പൊതുമേഖലാ ബാങ്കുകളിലെ സ്വകാര്യ ഓഹരി പങ്കാളിത്തം 49 ശതമാനമാക്കി ഉയർത്തുന്നതിന് നയപരമായി അംഗീകാരം നൽകുകയും പൊതുമേഖലാ ബാങ്കുകളുടെ തലപ്പത്ത് സ്വകാര്യ സ്ഥാപനമേധാവികളെ നിയമിക്കാൻ കേന്ദ്ര ഗവൺമെന്റ് തീരുമാനിച്ചിരിക്കുകയുമാണ്. ദേശീയാടിസ്ഥാനത്തിൽ ബാങ്കുകളുടെ എണ്ണം 6 ആക്കി ചുരുക്കാനുള്ള പദ്ധതിയാണ് കേന്ദ്രഗവൺമെന്റ് ഉദ്ദേശിക്കുന്നത്. എസ്.ബി.ടി.യെ തകർക്കുന്ന കേന്ദ്ര നിലപാടിനെതിരെയും കേരളത്തിന്റെ ബാങ്കായി നിലനിർത്തുന്നതിനും ജനകീയ സമരം അനിവാര്യമാണ്. കോർപ്പറേറ്റുകൾക്കും ബഹുരാഷ്ട്ര കുത്തകകൾക്കുമുള്ള ആയുധമായി പൊതുമേഖലാ സ്ഥാപനങ്ങളെ മാറ്റുന്നത് ആപത്ക്കരവും അസാധാരണവുമായ സ്ഥിതിവിശേഷമാണ്. ഇൻഡ്യയുടെ സാമ്പത്തിക മേഖലയെ ബഹുരാഷ്ട്ര കുത്തകകൾക്കും കോർപ്പറേറ്റുകൾക്കും അടിയറവയ്ക്കുന്ന നടപടിയാണ് കേന്ദ്രസർക്കാർ സ്വീകരിക്കുന്നത്. സംസ്ഥാനത്തിന്റെ പൈതൃകമെന്ന് അവകാശപ്പെടുന്ന എസ്.ബി.ടി.-യെ എസ്.ബി.ഐ.യുമായി ലയിപ്പിക്കാനുള്ള കേന്ദ്രനീക്കത്തിനെതിരെ സഭയ്ക്കകത്തും പുറത്തും ഒറ്റക്കെട്ടായുള്ള ചെറുത്തുനിൽപ്പ് അനിവാര്യമാണ്.

<u>സമയം വേവ് ചെയ്യുന്നത് സംബന്ധിച്ച്</u>

മി. സ്പീക്കർ : കാര്യവിവരപ്പട്ടിക അനുസരിച്ച് 12.30 മുതൽ 1.30 വരെ 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (രണ്ടാം നമ്പർ)] ബില്ലിന്റെ അവതരണവും അനന്തരഘട്ടങ്ങളുമാണ്. പ്രായോഗികതയുടെ ഭാഗമായി പ്രസ്തുത ബിസിനസ് 'ചട്ടം 130 അനുസരിച്ചുള്ള ചർച്ച്'യ്ക്കുശേഷം പരിഗണിക്കുവാൻ സഭ തീരുമാനിക്കുന്നു.

ചട്ടം 130 അനുസരിച്ചുള്ള ചർച്ച (തുടർച്ച)

ശ്രീ. എൻ. ഷംസുദ്ദീൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എസ്ബി.ഐ.-യെ ലോകത്തെ അൻപത് ബാങ്കുകളിൽ ഒന്നായി മാറ്റാനാണ് ലയനത്തിലൂടെ ശ്രമിക്കുന്നത്. കേന്ദ്രഗവൺമെന്റിന്റെ കോർപ്പറേറ്റുവൽക്കരണത്തിന്റെ ഭാഗമായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. ഇന്ത്യൻ ഭരണഘടനയുടെ ഫെഡറൽ സ്വഭാവത്തിനെതിരെയുള്ള പ്രവർത്തനങ്ങളാണ് കേന്ദ്രഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. കേരളം ആസ്ഥാനമായ ഏക പൊതുമേഖലാ ബാങ്കാണ് എസ്.ബി.ടി. കേരളത്തിലെ ബാങ്കിംഗ് ബിസിനസ്സിന്റെ നാലിലൊരു ഭാഗം നിർവ്വഹിക്കുന്ന എസ്.ബി.ടി. വിവിധ ബാങ്കിംഗ് ബിസിനസ് മാനദണ്ഡങ്ങളനുസരിച്ച് എസ്.ബി.ഐ-യെക്കാൾ മുന്നിലാണ്. 1,00,473 കോടി രൂപയുടെ നിക്ഷേപമുള്ള എസ്.ബി.ടി. 1713 കോടി രൂപ വിദ്യാഭ്യാസ

വായ്പായിനത്തിലും 67004 കോടി രൂപ മറ്റിതര വായ്പകളായും നൽകിയിട്ടുണ്ട്. എസ്.ബി.ടി.-യുടെ വായ്പാ നിക്ഷേപ അനുപാതം 67 ശതമാനമാണ്. ലയന നീക്കം പൊതുതാൽപ്പര്യങ്ങൾക്ക് എതിരും ലയന നയം ദേശവിരുദ്ധവും ജനവിരുദ്ധവും തൊഴിലാളിദ്രോഹപരവുമാണ്. കേരളത്തിൽ ജില്ലാ സഹകരണ ബാങ്കുകളെ സംസ്ഥാന സഹകരണബാങ്കിൽ ലയിപ്പിക്കാനുള്ള നീക്കം ചർച്ചകൾക്ക് വിധേയമാക്കണം.

ശ്രീ. മുല്ലക്കര രത്നാകരൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ബാങ്കുകളുടെ ലയന തീരുമാനം രാജ്യത്ത് നടപ്പിലാക്കിത്തുടങ്ങിയത് ആഗോള രാഷ്ട്രീയവൽക്കരണ നയത്തിന്റെ ഭാഗമായാണ്. കുത്തക സംവിധാനത്തിലേയ്ക്ക് കൊണ്ടുപോകുന്ന ലയന തീരുമാനവുമായി യോജിക്കാൻ കേരളത്തിന് കഴിയില്ല. ഇതിനെ കക്ഷിരാഷ്ട്രീയത്തിനതീതമായി ചെറുത്തുതോൽപ്പിക്കണം.

ശ്രീ. എ. പ്രദീപ് കുമാർ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. കേന്ദ്രഗവൺമെന്റ് ബോധപൂർവ്വം നടപ്പാക്കുന്ന നയത്തിന്റെയും പരിഷ്കാരത്തിന്റെയും ഭാഗമാണ് ലയന തീരുമാനം. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യക്ക് ലോക ബാങ്കിംഗ് രംഗത്ത് 67-ാം സ്ഥാനമാണുള്ളത്. നാടിന്റെ സമ്പത്ത് മുഴുവനും സമാഹരിച്ച് കോർപ്പറേറ്റുകളുടെ ഇംഗിതത്തിന് വിനിയോഗിക്കാനുള്ള സംവിധാനം ഉണ്ടാക്കിക്കൊടുക്കുന്നതിന് ലക്ഷ്യമിട്ടുള്ളതാണ് ലയന തീരുമാനം. ബാങ്കുകളുടെ

സ്ഥിതി മെച്ചപ്പെടുത്തുന്നതിന് നിഷ്ക്രിയ ആസ്തികൾ കുറച്ചുകൊണ്ടുവരികയും മൂലധന പര്യാപ്തത കൈവരിച്ച് അറ്റാദായം വർദ്ധിപ്പിക്കുകയും വേണം. അന്താരാഷ്ട്ര വിപണിയെ ലക്ഷ്യം വച്ചുകൊണ്ടുള്ള ലയന തീരുമാനം മുൻഗണനാ മേഖലകളെ പൂർണ്ണമായും കൈവെടിയുന്നതിനും ശാഖകൾ അടച്ചുപൂട്ടുന്നതിനും തസ്തികകൾ ഇല്ലാതാകുന്നതിനും ഇടയാക്കും. ചെറുകിട മേഖലയ്ക്ക് വായ്പ നൽകുന്ന ബാങ്കുകളെ സ്വകാര്യവത്ക്കരിക്കാനുള്ള നീക്കം നടക്കുകയാണ്. കേന്ദ്ര ഗവൺമെന്റിന്റെ എല്ലാ നയങ്ങളും കോർപ്പറേറ്റുകളെ സഹായിക്കുന്നതാണ്. ബാങ്കിംഗ് മേഖലയുമായി ബന്ധപ്പെട്ട എല്ലാ റിപ്പോർട്ടുകളും നവലിബറൽ നയങ്ങൾക്കനുസൃതമായ പരിഷ്കാരങ്ങളാണ് നിർദ്ദേശിച്ചത്. അതിലെല്ലാം ബാങ്കുകളുടെ സംയോജനത്തെപ്പറ്റിയാണ് പരാമർശിച്ചിട്ടുള്ളത്. പി.ജെ. നായിക് കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രൂപീകരിച്ച ബാങ്ക് ബോർഡ് ബ്യൂറോയുടെ കർശന നിർദ്ദേശമനുസരിച്ചാണ് ബാങ്ക് ഇൻവെസ്റ്റുമെന്റ് കമ്പനി രൂപീകരിക്കുന്നതുൾപ്പെടെയുള്ള പുതിയ പരിഷ്കാരങ്ങൾ വന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. സി. എഫ്. തോമസ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സംസ്ഥാന വിഹിതം വെട്ടിക്കുറയ്ക്കുകയും സംസ്ഥാന താത്പര്യം സംരക്ഷിക്കാതെയുമുള്ള സമീപനമാണ് കേന്ദ്രഗവൺമെന്റ് സ്വീകരിച്ചുവരുന്നത്. കേരളത്തിന്റെ അടിസ്ഥാനമേഖലയ്ക്ക് വായ്പകൾ നൽകി സഹായിക്കുന്ന എസ്.ബി.ടി.യെ

സംരക്ഷിക്കാൻ യോജിച്ച നീക്കം നടത്തണം.

<u>ശ്രീ. കെ. കൃഷ്ണൻകുട്ടി</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എസ്.ബി.ടി-എസ്.ബി.ഐ ലയനത്തോടുകൂടി കൃഷിക്കാർക്ക് ലഭ്യമാകേണ്ട മുഴുവൻ ആനുകൂല്യങ്ങളും നഷ്ടപ്പെടും. കാർഷിക മേഖലയ്ക്ക് ലഭിക്കേണ്ട വായ്പ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റിനെന്ന പേരിൽ വൻകിട കമ്പനികൾക്ക് കുറഞ്ഞ പലിശ നിരക്കിൽ ലഭ്യമാകുന്ന അവസ്ഥയും ബാങ്കിംഗ് മേഖലയിൽ ഉദ്യോഗാർത്ഥികൾക്ക് ജോലി ലഭിക്കാത്ത സാഹചര്യവുമുണ്ടാകും.

<u>ശ്രീമതി ഇ. എസ്. ബിജിമോൾ</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. പൊതുമേഖലാ ബാങ്കുകളെ സ്വകാര്യവത്ക്കരിക്കുകയും സ്വകാര്യ ബാങ്കുകളെ വിദേശവത്ക്കരിക്കുകയും ചെയ്യുന്ന പ്രക്രിയയാണ് ഇന്ത്യയിൽ നടന്നുകൊണ്ടിരിക്കുന്നത്. നിക്ഷേപകന് നൽകുന്ന പലിശയും വായ്പക്കാരിൽ നിന്ന് ഈടാക്കുന്ന പലിശയും തമ്മിലുള്ള വ്യത്യാസമാണ് ബാങ്കുകളെ നിലനിർത്തുന്നത്. എസ്.ബി.ടി ഇക്കാര്യത്തിൽ ജനപക്ഷ തീരുമാനങ്ങളാണ് എടുക്കുന്നത്. ദേശീയ-അന്തർദേശീയ നിലവാരത്തിലുള്ള ഏജൻസികളുടെ അക്രഡിറ്റേഷൻ നേടിയതും സ്റ്റോക്ക് എക്സ്ചേഞ്ചുകളുടെ ലിസ്റ്റിലുൾപ്പെട്ടിട്ടുള്ളതും കേരളത്തിൽ ഹെഡ്ക്വാർട്ടേഴ്സുള്ളതും ബാങ്കിംഗ് അദാലത്ത് ആദ്യമായി ആരംഭിച്ചതും എൻ.ആർ.ഐ.-കൾക്കുവേണ്ടി ആദ്യമായി ബുക്ക്‌ലെറ്റ് കൊണ്ടുവന്നതും എസ്.ബി.ടി

ആണ്. ലയന തീരുമാനം അക്കൗണ്ട് ഹോൾഡർമാരുടെ അവകാശത്തെ ഹനിക്കുന്ന രീതിയിലുള്ളതാണ്.

ശ്രീ. അനൂപ് ജേക്കബ്: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. മൊത്തം ബാങ്കിംഗ് ബിസിനസ്സിന്റെ ഇരുപത്തിയഞ്ച് ശതമാനത്തിന് മുകളിൽ എസ്.ബി.ടി. കൈകാര്യം ചെയ്യുന്നുവെന്നത് ഈ ബാങ്കിന് പൊതുസമൂഹത്തോടുള്ള വിശ്വാസ്യതയും സാമൂഹിക പ്രതിബദ്ധതയുമാണ് സൂചിപ്പിക്കുന്നത്. വൻകിട കുത്തകകളെ സഹായിക്കുകയും സാധാരണക്കാരുടെ താൽപര്യങ്ങൾ ഹനിക്കപ്പെടുകയുമാണ് ലയന തീരുമാനം കൊണ്ടുണ്ടാകാൻ പോകുന്നത്. രാജ്യത്തിന്റെ സമ്പദ്‌വ്യവസ്ഥയ്ക്ക് പിന്തുണ നൽകുന്നതിനുവേണ്ടി പുതിയ ബാങ്കിംഗ് ലൈസൻസുകൾ നൽകുകയും പൊതുമേഖലാ ബാങ്കുകളെ പരസ്പരം ലയിപ്പിച്ച് ഇല്ലാതാക്കാനുള്ള സമീപനം സ്വീകരിക്കുകയും ചെയ്യുന്ന നടപടി പരസ്പരവിരുദ്ധമാണ്. വിദ്യാഭ്യാസ വായ്പ അനുവദിക്കുന്നതിൽ ഉദാര നയം സ്വീകരിക്കണമെന്ന് ബാങ്കുകളോട് ആവശ്യപ്പെടണം. ബാങ്കുകളെ സംസ്ഥാനത്ത് നിലനിർത്തുകയെന്നത് പൊതു ആവശ്യമായതിനാൽ

ബാങ്കിംഗ് ലയനത്തിൽനിന്നും കേന്ദ്രസർക്കാർ പിൻമാറണം.

<u>ശ്രീ. എൻ. വിജയൻ പിള്ള</u>: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. എസ്.ബി.ടി. യെ എസ്.ബി.ഐ.-ൽ ലയിപ്പിക്കുന്നത് സംസ്ഥാനത്തിന്റെ വികസനത്തെ പ്രതികൂലമായി ബാധിക്കും. സാധാരണക്കാർക്കും മറ്റും വിവിധതരം വായ്പകൾ അനുവദിക്കുകയും കൂടുതൽ ഡെപ്പോസിറ്റുകൾ സ്വീകരിക്കുകയും ചെയ്യുന്ന എസ്.ബി.ടി-യെ നിലനിർത്തുന്നതിന് നടപടി സ്വീകരിക്കണം.

<u>ശ്രീമതി പി. അയിഷാ പോറ്റി:</u> ഉപക്ഷേപത്തെ അനുകൂലിക്കുന്നു. ബാങ്കുകളുടെ ലയനത്തിന് കാർമ്മികത്വം വഹിക്കാൻ ബാങ്ക് ബോർഡ് ബ്യൂറോയ്ക്ക് രൂപം നൽകിയിരിക്കുകയാണ്. കേരള സർക്കാരുമായി ചർച്ച ചെയ്യാതെ ഏകപക്ഷീയമായ നിലപാട് സ്വീകരിച്ച കേന്ദ്രസർക്കാരിന്റെ നടപടി പ്രതിഷേധാർഹമാണ്. ബാങ്കിംഗ് ലയനം ഫെഡറൽ സംവിധാനത്തെ തകർക്കുമെന്ന കാര്യത്തിൽ സംശയമില്ല. എസ്.ബി.ടി.യെ എസ്.ബി.ഐ.യിൽ ലയിപ്പിക്കാനുള്ള തീരുമാനം

കേരള ജനതയുടെ താൽപ്പര്യങ്ങളെയും വിശ്വാസ്യതയെയും തകർക്കുന്നതാണ്. സംസ്ഥാന ബാങ്കിംഗ് ഇടപാടുകളുടെ 25 ശതമാനവും മുഖ്യബാങ്കായ എസ്.ബി.ടി. വഴിയാണ് നടക്കുന്നത്. കൃഷിക്കാർ, ചെറുകിട വ്യവസായികൾ, സ്വയംതൊഴിൽ സംരംഭകർ എന്നിവർക്കെല്ലാം വളരെ ആശ്വാസം പകരുന്ന ബാങ്കാണ് എസ്.ബി.ടി. ലയന തീരുമാനം ജീവനക്കാരുടെ പ്രൊമോഷൻ സാധ്യതകളെ ദോഷകരമായി ബാധിക്കും. അമ്പത് വയസ്സിനുമുകളിലുള്ളവർക്കോ ഇരുപത്തിയഞ്ച് വർഷത്തെ സർവ്വീസ് പൂർത്തിയാക്കിയവർക്കോ വി.ആർ.എസ്. നൽകാൻ ബാങ്ക് നിർബന്ധിതമാകുമ്പോൾ അനുഭവസമ്പന്നരുടെ കൂട്ടത്തോടെയുള്ള കൊഴിഞ്ഞുപോക്ക് ബാങ്കിംഗ് മേഖലയിൽ പ്രതിസന്ധി സൃഷ്ടിക്കാനിടയാക്കും.

<u>ശ്രീ. ഒ. രാജഗോപാൽ</u>: ഉപക്ഷേപത്തെ എതിർക്കുന്നു. ഭരണ-പ്രതിപക്ഷ ഭാഗത്തുനിന്നും സമാനമായ വാദഗതികളും ആശങ്കകളുമാണ് പ്രകടിപ്പിച്ചിട്ടുള്ളത്. രാഷ്ട്രീയപരമായ ആന്റി മോദി സെന്റിമെന്റ്സ് അടിസ്ഥാനമാക്കിയുള്ള വാദഗതികളാണ് ചർച്ചയിലുടനീളം

കാണാനിടയായത്. കൺസ്യൂമേഴ്സിനോ ബാങ്ക് ഉദ്യോഗസ്ഥർക്കോ ഇതുസംബന്ധിച്ച് പരാതിയൊന്നുമില്ലെങ്കിലും വിവിധ ട്രേഡ് യൂണിയനുകൾക്കും അതുമായി ബന്ധപ്പെട്ടവർക്കും അവർ അനുഭവിച്ചുകൊണ്ടിരിക്കുന്ന ആനുകൂല്യങ്ങൾ നഷ്ടപ്പെടുമോയെന്ന ആശങ്ക മാത്രമാണുള്ളത്. ബാങ്കിംഗ് ലയനത്തിലൂടെ രാജ്യത്തിന്റെ സമ്പദ് വ്യവസ്ഥയെ സംരക്ഷിക്കുന്ന നിലപാടുകളാണ് സാമ്പത്തിക വിദഗ്ദ്ധരും മറ്റും കൊണ്ടുവന്നിട്ടുള്ളത്. ഫാസ്റ്റസ്റ്റ് ഗ്രോയിംഗ് ഇക്കോണമിയാണ് ഇന്ത്യയെന്ന് ലോകത്തിൽ വിദഗ്ദ്ധർ സമ്മതിക്കുന്ന കാലഘട്ടത്തിൽ ബാങ്കുകളുടെ ലയനം അനിവാര്യമായ ഒന്നാണ്. ആഗോളാടിസ്ഥാനത്തിൽ സ്ഥാനം പിടിച്ച ഒരു ബാങ്കുപോലും ഇന്ത്യയിലില്ല. ബാങ്കിംഗ് ലയനത്തിലൂടെ വിദ്യാഭ്യാസ/കാർഷിക വായ്പകൾ ലഭിക്കുകയില്ലെന്നുപറയുന്ന ഭരണ-പ്രതിപക്ഷ നിലപാടുകളോട് യോജിക്കാനാവില്ല. കോൺഗ്രസ്സ്-കമ്മ്യൂണിസ്റ്റ് കൂട്ടുകെട്ടിന്റെ ഒരു ദൃശ്യമാണ് ഇതിലൂടെ കാണാനാകുന്നത്.

<u>ശ്രീ. കോവൂർ കുഞ്ഞുമോൻ:</u> ഉപക്ഷേപത്തെ അനുകൂലിക്കുന്നു.

കേരളത്തിന്റെ പൊതു ആവശ്യത്തിനുവേണ്ടിയാണ് ഭരണ-പ്രതിപക്ഷഭേദമെന്യേ ബാങ്കിംഗ് ലയനത്തെ എതിർക്കുന്നത്. വിദ്യാഭ്യാസ/കാർഷിക-കാർഷികേതര/ വിവാഹ വായ്പകൾക്കെല്ലാം ജനങ്ങൾ കൂടുതലും ആശ്രയിക്കുന്നത് എസ്.ബി.ടി.യെയാണ്. കേരളത്തിന്റെ ബാങ്ക് നിക്ഷേപത്തെ ലക്ഷ്യംവച്ചുകൊണ്ട് കോർപ്പറേറ്റുകൾ നടത്തുന്ന ഗൂഢാലോചനയുടെ ഭാഗമാണോ ഈ ലയന തീരുമാനമെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. എസ്.ബി.ടി.യിൽ 12000-ത്തോളം ജീവനക്കാരാണുള്ളത്.

പ്രൊഫ. കെ.യു. അരുണൻ: ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിക്കുന്നതിനുള്ള നീക്കങ്ങൾ ആരംഭിച്ചുകഴിഞ്ഞു. അതാത് പ്രദേശങ്ങളിലെ ജനങ്ങളുടെ താൽപര്യങ്ങൾക്കനുസൃതമായി രൂപംകൊണ്ട സാമ്പത്തിക സ്ഥാപനങ്ങളെ ഇല്ലായ്മ ചെയ്യുന്ന രീതിയാണ് കാണുന്നത്. ഈ നീക്കത്തെ ശക്തമായി തടയേണ്ടതാണ്.

ശ്രീ. പി. ഉബൈദുള്ള : ഉപക്ഷേപത്തെ അനുകൂലിക്കുന്നു. സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂർ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയുമായി ലയിപ്പിക്കുന്നതിനെതിരെ ശക്തമായ പ്രതിഷേധമാണ് ഉയർന്നുവന്നിട്ടുള്ളത്. സഭയ്ക്കുപുറത്തും ഇതേ വികാരമാണ്

പ്രതിഫലിക്കുന്നത്. ജീവനക്കാർ മാത്രമല്ല, സാധാരണക്കാർ, കർഷകർ, വിദ്യാർത്ഥികൾ എല്ലാവരും ഈ നീക്കത്തിനെതിരെ പ്രതികരിച്ചുകൊണ്ടിരിക്കുകയാണ്. ഇന്ത്യയൊട്ടാകെ 1200-ഓളം ശാഖകളും ഒന്നരലക്ഷം കോടിയിലധികം രൂപയുടെ ബിസിനസ്സും എസ്.ബി.ടി.ക്കുണ്ട്. തുച്ഛമായ പലിശ നിരക്കിൽ സ്വർണ്ണപ്പണയത്തിൻമേൽ വായ്പ അനുവദിച്ചും രാജ്യത്തിന്റെ സമ്പദ്ഘടന പരിപോഷിപ്പിക്കുന്നതിൽ മുഖ്യ പങ്കുവഹിക്കുന്ന പ്രവാസികളുടെ വിശ്വാസമാർജ്ജിച്ചും വളർന്നുവന്ന സ്ഥാപനമാണിത്. മികച്ച നിലവാരം പുലർത്തുന്ന എസ്.ബി.ടി.-യെ മറ്റൊരു ബാങ്കിൽ ലയിപ്പിക്കാനുള്ള നീക്കം പ്രതിഷേധാർഹമാണ്. ബാങ്ക് ദേശസാത്കരണം അട്ടിമറിച്ച് പൊതുമേഖലാ സ്ഥാപനങ്ങൾക്ക് പകരം സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന നീക്കം എതിർക്കപ്പെടേണ്ടതാണ്. ഇതിനെതിരെ കേരളത്തിന്റെ പൊതുവികാരം പ്രധാനമന്ത്രിയെ ബോധ്യപ്പെടുത്തണം.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): കേരളത്തിന്റെ താത്പര്യങ്ങൾ സംരക്ഷിക്കുന്നതിൽ ഒറ്റക്കെട്ടായി നിന്നിട്ടുള്ള പാരമ്പര്യമാണ് സഭയ്ക്കുള്ളത്. തൊഴിലാളികളുടെ പ്രശ്നം എന്നതിലുപരി സംസ്ഥാന നിക്ഷേപത്തെയും സാമ്പത്തിക വളർച്ചയെയും പ്രതികൂലമായി

ബാധിക്കുമെന്നുള്ളതുകൊണ്ടാണ് ഈ ലയന നീക്കത്തെ ഏവരും എതിർക്കുന്നത്. സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ അന്തർദ്ദേശീയ സ്റ്റാറ്റജിക്കനുസരിച്ചുള്ള നിക്ഷേപ തീരുമാനങ്ങളെടുക്കുമ്പോൾ കേരളത്തിന്റെ പ്രാദേശിക താത്പര്യങ്ങൾക്കനുസരിച്ചുള്ള തീരുമാനങ്ങളാണ് എസ്.ബി.ടി. സ്വീകരിക്കുന്നതെന്ന അന്തരം കാണാതെ പോകരുത്. കേരളത്തിന്റെ താത്പര്യം സംരക്ഷിക്കുന്നതിനായി ഈ പ്രമേയം ഐകകണ്ഠ്യേന പാസ്സാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): അന്താരാഷ്ട്രതലത്തിലുള്ള ബാങ്കുകളുമായി മത്സരിക്കുന്നതിന്റെ മുന്നോടിയായാണ് സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ ലയനത്തിന് തുടക്കം കുറിച്ചത്. കേരളത്തിന്റെ സർവ്വതോന്മുഖമായ വളർച്ചയ്ക്ക് വിലയേറിയ സംഭാവനകൾ നൽകാൻ എസ്.ബി.ടി. ക്ക് കഴിഞ്ഞിട്ടുണ്ട്. ഈ ലയനം ഉണ്ടായാൽ എസ്.ബി.ടി. യുടെ പ്രവർത്തനം മുൻകാലങ്ങളിലേതുപോലെ തുടർന്നു കൊണ്ടുപോകാൻ കഴിയുമോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. കേരളവുമായി ദീർഘകാലത്തെ ബന്ധമാണ് എസ്.ബി.ടി.ക്കുള്ളത്. നിക്ഷേപ കാര്യങ്ങളിൽ കേരളത്തോട് മൃദുസമീപനമാണ് എല്ലായ്പ്പോഴും എസ്.ബി.ടി. സ്വീകരിച്ചിട്ടുള്ളത്.

മറ്റ് ബാങ്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ പല കാര്യങ്ങളിലും വേറിട്ടുനിൽക്കുന്നതുകൊണ്ടും കേരളത്തിന്റെ സമ്പദ്ഘടനയെ സഹായിക്കുന്ന ഒരു ബാങ്കിംഗ് സ്ഥാപനമായതുകൊണ്ടും ഈ ലയനത്തോടുകൂടി എസ്.ബി.ടി.യുടെ ഇന്നത്തെ അവസ്ഥയ്ക്ക് പൂർണ്ണമായും മാറ്റമുണ്ടാകുമെന്ന കാര്യത്തിൽ സംശയമില്ല. അതുകൊണ്ടാണ് എസ്.ബി.ടി.യുടേത് മാത്രമായ വ്യക്തിത്വം ഇല്ലാതാക്കരുതെന്ന് കേരളം ഒറ്റക്കെട്ടായി കേന്ദ്രത്തോട് ആവശ്യപ്പെടുന്നത്. കേരളത്തിന്റെ പൊതുപ്രശ്നമായതുകൊണ്ട് ഭരണ-പ്രതിപക്ഷ വ്യത്യാസമില്ലാതെ ഈ ലയനത്തിനെതിരെ എല്ലാവരും ഒന്നിച്ച് നിൽക്കണം.

## X ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപം

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): "കേരള സർക്കാരിന്റെ സാമ്പത്തിക ഇടപാടുകളിൽ സിംഹഭാഗവും നടത്തുന്ന കേരളത്തിലെ ഏറ്റവും വലിയ പൊതുമേഖലാ ബാങ്കായ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിനെ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ ലയിപ്പിക്കാനുള്ള തീരുമാനം സംസ്ഥാനത്തെ നിക്ഷേപത്തെയും സാമ്പത്തിക വളർച്ചയെയും തികച്ചും പ്രതികൂലമായി ബാധിക്കും.

കേരളത്തിന്റെ വികസനത്തിൽ എസ്.ബി.ടി.-യുടെ കാർഷിക വായ്പകൾ

വഹിക്കുന്ന പങ്ക് നിർണ്ണായകമാണ്. കേരളത്തിന്റെ താൽപ്പര്യങ്ങൾക്ക് വിരുദ്ധമായ ലയന നീക്കങ്ങളിൽ നിന്നും പിന്മാറണമെന്ന് കേന്ദ്ര സർക്കാരിനോടും റിസർവ് ബാങ്ക് ഓഫ് ഇൻഡ്യയോടും ഈ സഭ ആവശ്യപ്പെടുന്നു." എന്ന ഉപക്ഷേപം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): ഉപക്ഷേപത്തെ പിന്താങ്ങുന്നു.

(ചട്ടം 275 അനുസരിച്ചുള്ള ഉപക്ഷേപത്തിന്മേൽ ശ്രീ. ഒ. രാജഗോപാൽ എതിർപ്പ് രേഖപ്പെടുത്തി.)

ഉപക്ഷേപം സഭ ശബ്ദ വോട്ടോടെ അംഗീകരിച്ചു.

## XI **നിയമനിർമ്മാണ കാര്യം**

### 2016-ലെ കേരള ധനകാര്യ ബിൽ

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-ലെ കേരള ധനകാര്യ ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

### 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)]

## ബില്ലിന്റെ അവതരണവും അനന്തര ഘട്ടങ്ങളും

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ അവതരിപ്പിക്കുന്നു.

മി. സ്പീക്കർ: ബിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പരിഗണനയ്ക്ക് എടുക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ): പ്രമേയത്തെ പിന്താങ്ങുന്നു.

ശ്രീ. ജോർജ് എം. തോമസ്: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. ബഡ്ജറ്റും ധനവിനിയോഗ ബില്ലും ഭരണപക്ഷത്തിന്റെ പ്രകടനപത്രികയെ സാധൂകരിക്കുന്നതാണ്. വളരെയധികം ജനപിന്തുണ നേടിയിട്ടുള്ള ബഡ്ജറ്റാണിത്. ബഡ്ജറ്റിനെ തുടർന്ന് കൊണ്ടുവന്ന ധവളപത്രം സംസ്ഥാനത്തിന്റെ യഥാർത്ഥ സാമ്പത്തിക സ്ഥിതി വെളിപ്പെടുത്തുന്നതാണ്. കൃത്യമായ ധനവിനിയോഗത്തിലൂടെ വാർഷിക പദ്ധതികൾ മുന്നോട്ടു കൊണ്ടുപോകാൻ കഴിയണം.

<u>ശ്രീ. സി. മമ്മൂട്ടി</u>: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് നടപ്പാക്കിയ പദ്ധതികളേയും വികസന പ്രവർത്തനങ്ങളേയും ഈ ബഡ്ജറ്റിൽ അവഗണിച്ചിരിക്കുകയാണ്. പല വകുപ്പുകളിലും അനുവദിച്ച തുകയുടെ 50 ശതമാനംപോലും ചെലവഴിച്ചതായി കാണുന്നില്ല. കുടിവെള്ള പദ്ധതികൾ നടപ്പാക്കുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിന് പി.ഡബ്ല്യൂ.ഡി-യും വാട്ടർ അതോറിറ്റിയും തമ്മിൽ കോ-ഓർഡിനേഷനുണ്ടാകണം. നികുതിപ്പണം ശരിയായ മേഖലകളിൽ വിനിയോഗിക്കണം. പദ്ധതികൾ നടപ്പാക്കുന്നതിലുണ്ടാകുന്ന കാലതാമസം ധനനഷ്ടത്തിനിടയാക്കും. അതുണ്ടാകാതിരിക്കാൻ ശ്രദ്ധിക്കണം. ധനവിനിയോഗം നീതിയുക്തവും ജനങ്ങൾക്കുവേണ്ടിയുള്ളതുമാകണം. സംസ്ഥാനത്ത് പണമില്ലായെന്ന് വരുത്തിത്തീർത്ത് വികസന പ്രവർത്തനങ്ങളെ മുരടിപ്പിക്കാനാണ് ധവളപത്രത്തിലൂടെ ഈ സർക്കാർ ശ്രമിക്കുന്നത്.

<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ</u>: ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. സംസ്ഥാനത്തിന്റെ പൊതുവികസനത്തിന് പ്രാധാന്യം നൽകി വ്യക്തമായ കാഴ്ചപ്പാടോടുകൂടിയാണ് ബഡ്ജറ്റ് അവതരിപ്പിച്ചിരിക്കുന്നത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് സമയബന്ധിതമായി നികുതികൾ പിരിച്ചെടുക്കാത്ത സാഹചര്യത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അഴിമതി

വിമുക്ത വികസന കേരളമെന്ന മുദ്രാവാക്യം ബഡ്ജറ്റിലൂടെ മുന്നോട്ടുവച്ചത്. എൽ.ഡി.എഫ്. പ്രകടനപത്രികയിൽ പറഞ്ഞ വാഗ്ദാനങ്ങൾ പ്രാവർത്തികമാക്കാനാണ് ഗവൺമെന്റ് ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അഞ്ചുവർഷംകൊണ്ട് അഞ്ചുലക്ഷം പേർക്ക് തൊഴിൽ, 1500 സ്റ്റാർട്ട് അപ് വില്ലേജുകൾ തുടങ്ങിയ നിർദ്ദേശങ്ങൾ സ്വാഗതാർഹമാണ്. വിദ്യാഭ്യാസ മേഖലയിൽ ദീർഘവീക്ഷണത്തോടെയുള്ള പ്രവർത്തനങ്ങൾക്കാണ് ബഡ്ജറ്റിൽ ഊന്നൽ നൽകിയിട്ടുള്ളത്. ഓരോ മണ്ഡലത്തിലെയും ഓരോ സർക്കാർ സ്കൂളുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്താനുള്ള തീരുമാനം സ്വാഗതാർഹമാണ്. ക്ഷേമപെൻഷനുകൾ 1000 രൂപയാക്കി വർദ്ധിപ്പിക്കാനും ഒരു മാസത്തെ പെൻഷൻ അഡ്വാൻസായി നൽകാനും 60 വയസ്സ് കഴിഞ്ഞ തൊഴിലുറപ്പ് തൊഴിലാളികൾക്ക് പെൻഷൻ കൊടുക്കാനുമുള്ള തീരുമാനം സ്വാഗതാർഹമാണ്. വളരെ നൂതനമായ നികുതി നിർദ്ദേശങ്ങളാണ് ബഡ്ജറ്റിലുള്ളത്. എല്ലാവർക്കും വീട്, വൈദ്യുതി, കക്കൂസ് എന്ന സ്വപ്നം ഈ സർക്കാർ യാഥാർത്ഥ്യമാക്കുകയാണ്. കയ്പമംഗലം മണ്ഡലത്തിൽ ഗവേഷണ സ്ഥാപനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കണം.

ശ്രീ. മോൻസ് ജോസഫ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. സംസ്ഥാനത്തിന്റെ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ കാലതാമസം കൂടാതെ പൂർത്തിയാക്കുന്നതിന് മുൻഗണന നൽകണം. ധനവിനിയോഗത്തിൽ

ഫലപ്രദമായ ശ്രദ്ധയും ഇടപെടലും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. റോഡ് നിർമ്മാണത്തിന് മുൻഗണന നൽകണം. മഴക്കാലത്ത് റോഡുകൾ അറ്റകുറ്റപ്പണി നടത്തുന്നതിന് അനുവദിച്ചിരിക്കുന്ന തുക അപര്യാപ്തമായതിനാൽ കൂടുതൽ തുക വകയിരുത്തണം. പ്രകൃതിക്ഷോഭത്തിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകാനുള്ള കുടിശ്ശിക കൊടുത്ത് തീർക്കുന്നതിനും വികസന രംഗത്ത് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. സി. കെ. നാണു : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു. നിയോജകമണ്ഡലാടിസ്ഥാനത്തിൽ വർഷങ്ങളായി പൂർത്തിയാകാതെ കിടക്കുന്ന പദ്ധതികൾക്ക് ബഡ്ജറ്റിൽ പണം നീക്കിവച്ച നടപടി സ്വാഗതാർഹമാണ്. കോഴിക്കോട് ജില്ലാ ആശുപത്രിയിലെ ഡോക്ടർമാരുടെയും നഴ്സുമാരുടെയും കുറവ് പരിഹരിക്കുന്നതിനും വിവിധ വകുപ്പുകളിൽ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും നടപടി സ്വീകരിക്കണം.

ശ്രീ. പി. സി. ജോർജ്: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. ഒരംഗത്തിന് ഒരു മിനിട്ട് സമയം മാത്രം അനുവദിച്ചാൽ യാതൊന്നും പ്രസംഗിക്കാൻ കഴിയില്ല. സ്പീക്കറുടെ അധികാരമുപയോഗിച്ച് ഒരംഗത്തിന് 5 മിനിട്ട് സമയമെങ്കിലും അനുവദിക്കാൻ തയ്യാറാകണം.

ശ്രീ. കെ. കുഞ്ഞിരാമൻ : ധനവിനിയോഗ ബില്ലിനെ അനുകൂലിക്കുന്നു.

ബഡ്ജറ്റിൽ മണ്ഡലാടിസ്ഥാനത്തിൽ വികസന പ്രവർത്തനങ്ങൾക്കാവശ്യമായ പണം നീക്കിവച്ച നടപടി സ്വാഗതാർഹമാണ്. ബഡ്ജറ്റിൽ നീക്കിവയ്ക്കുന്ന തുക അതാത് പദ്ധതികളുടെ വികസനത്തിനായി പ്രയോജനപ്പെടുത്തണം. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന ബീഡി തൊഴിലാളികളെ സഹായിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണം. മംഗലാപുരത്തുനിന്നും നികുതിയടച്ചുകൊണ്ടുവരുന്ന ബീഡി ഇലകൾക്ക് മഞ്ചേശ്വരം സെയിൽസ് ടാക്സ് വിഭാഗം വീണ്ടും നികുതി ഈടാക്കുന്ന സമ്പ്രദായം അവസാനിപ്പിക്കണം. അസംഘടിത മേഖലയിൽ പണിയെടുക്കുന്ന കാർപ്പെന്റർ തൊഴിലാളികൾക്കായി പ്രത്യേക ക്ഷേമനിധി ഏർപ്പെടുത്തണം.

ശ്രീ. ഐ. സി. ബാലകൃഷ്ണൻ: ധനവിനിയോഗ ബില്ലിനെ എതിർക്കുന്നു. പുതിയ നികുതി നിർദ്ദേശങ്ങളിലൂടെ ഈ സർക്കാർ ജനങ്ങളുടെമേൽ അധികഭാരം അടിച്ചേൽപ്പിച്ചിരിക്കുകയാണ്. പട്ടികവർഗ്ഗ ക്ഷേമവുമായി ബന്ധപ്പെട്ട് മുൻ സർക്കാർ പ്രഖ്യാപിച്ച പദ്ധതികളല്ലാതെ പുതിയ പദ്ധതികളൊന്നും ബഡ്ജറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല. പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങളുടെ ഭവനനിർമ്മാണവുമായി ബന്ധപ്പെട്ട് കഴിഞ്ഞ സർക്കാരിന്റെ നേട്ടങ്ങളെ കുറച്ചുകാണുന്നത് ശരിയല്ല. ആദിവാസികൾ നേരിടുന്ന ദുരിതങ്ങൾ പരിഹരിക്കുന്നതിന് സർക്കാർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. ചികിത്സ

കിട്ടാതെയും വന്യജീവി ആക്രമണത്തിലും മരണമടഞ്ഞ ആദിവാസി കുടുംബങ്ങൾക്ക് ആശ്വാസ ധനസഹായം അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണം. സംസ്ഥാനത്ത് ക്രമസമാധാനം മുമ്പെങ്ങും ഇല്ലാത്തവിധം തകർന്നിരിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): നവ ലിബറൽ സാമ്പത്തിക നയങ്ങളെ രാജ്യത്തെ പ്രധാന രാഷ്ട്രീയകക്ഷികളെല്ലാം അംഗീകരിക്കുന്ന സ്ഥിതിയാണ് ഇന്നുള്ളത്. മതനിരപേക്ഷതയുടെയും ജനപക്ഷ വികസനത്തിന്റെയും ബദലാക്കി കേരളത്തെ ഉയർത്തുക എന്ന കാഴ്ചപ്പാടോടുകൂടിയാണ് പുതുക്കിയ ബജറ്റ് അവതരിപ്പിച്ചിട്ടുള്ളത്. ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലും സംസ്ഥാനത്ത് പൊതുനിക്ഷേപം വർദ്ധിപ്പിക്കുന്നതിനുള്ള പുതിയ പരീക്ഷണത്തിന് സർക്കാർ തയ്യാറാകുകയാണ്. ബഡ്ജറ്റ് നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നതിന് എല്ലാ അംഗങ്ങളുടെയും സഹകരണം ഉണ്ടാകണം. മണ്ഡലത്തിലെ വികസനപ്രവർത്തനങ്ങളെ സംബന്ധിച്ച് ഓരോ അംഗത്തിനും സമഗ്രമായ കാഴ്ചപ്പാടുണ്ടാകണം. എസ്.സി./എസ്.ടി. ഫണ്ടിൽ കുറവ് വരുത്തിയിട്ടില്ല. സെറ്റിൽമെന്റടിസ്ഥാനത്തിൽ പ്ലാനുണ്ടാക്കുകയാണെങ്കിൽ ഫണ്ട് നൽകുന്നതാണ്. പ്രത്യേക നിക്ഷേപ പദ്ധതികളുടെ എക്സ്പെൻസുകൾ അപ്രോപ്രിയേഷൻ ബില്ലിൽ ഉൾപ്പെടുത്തിയിട്ടില്ല. റെസ്ട്രിക്ഷനുകളൊന്നും

പദ്ധതികൾക്ക് ബാധകമാകുകയില്ല. ബിൽ പരിഗണനനയ്ക്കെടുക്കണമെന്നഭ്യർത്ഥിക്കുന്നു.

2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം സഭ അംഗീകരിച്ചു.

ബിൽ പരിഗണനയ്ക്കെടുത്തു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമാക്കണമെന്ന പ്രശ്നം സഭ അംഗീകരിച്ചു.

2-ഉം 3-ഉം വകുപ്പുകളും പട്ടികയും ഒന്നാം വകുപ്പും പീഠികയും പേരും ബില്ലിന്റെ ഭാഗമായി.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്) : 2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)] ബിൽ പാസ്സാക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. വി. എസ്. സുനിൽ കുമാർ) : പ്രമേയത്തെ പിന്താങ്ങുന്നു.

2016-ലെ കേരള ധനവിനിയോഗ [വോട്ട് ഓൺ അക്കൗണ്ട് (2-ാം നമ്പർ)]

ബിൽ പാസ്സാക്കണമെന്ന പ്രമേയം 42-നെതിരെ 84 വോട്ടുകളോടെ സഭ പാസ്സാക്കുകയും ഗ്രാന്റ് അനുവദിക്കുകയും ചെയ്തു.

സഭ വൈകുന്നേരം 3.17-ന് പിരിഞ്ഞു.

-----------